# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *185 – 12/02/2020- ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടം

ചോദ്യം

ശ്രീ. ജി.എസ്.ജയലാൽ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. മുഹമ്മദ് മുഹസിൻ പി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2018-19 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>*(table below)* |
| (ബി) | വാർഷിക വികസന പദ്ധതികൾക്ക് വേണ്ടി പൊതുകടം എടുക്കുന്നതിന് പകരം നിത്യനിദാന ചെലവുകൾ നേരിടുന്നതിന് വേണ്ടി കടമെടുക്കുന്നത് സാമ്പത്തിക മായി ആശങ്കയുളവാക്കുന്ന സ്ഥിതിവിശേഷ മല്ലേയെന്നും ആയത് ആരോഗ്യകരമായ ഒന്നാണോയെന്നും പരിശോധി ച്ചിട്ടുണ്ടോ; | വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കു കയാണ് അഭികാമ്യമായിട്ടുള്ളത്. എന്നാൽ റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. കടമെടുക്കുന്ന ചെറിയൊരു ഭാഗം നിത്യ നിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കം വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

| വർഷം | പൊതുകടം | | |
|---|---|---|---|
| | ആഭ്യന്തര വായ്പ | കേന്ദ്ര സർക്കാർ വായ്പ | ആകെ |
| 2018-19 | 150991.04 | 7243.41 | 158234.44 |

<table>
<tr><td>(സി)</td><td>സംസ്ഥാന സർക്കാർ 2019-ൽ എടുത്ത വായ്പകൾ സംബന്ധിച്ചും അവ ഏതൊക്കെ വിധത്തിൽ ഉപയോഗിച്ചുവെന്നും വ്യക്തമാക്കുമോ;</td><td>അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്ക് പ്രകാരം 2019-20 (ഡിസംബർ 31 വരെ) സാമ്പത്തിക വർഷത്തെ പൊതുകടം (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br><br>| ഇനം | 2019-20 (ഡിസംബർ 31 വരെ) |<br>|---|---|<br>| ആഭ്യന്തര കടം | 11929.63 |<br>| കേന്ദ്രസർക്കാർ വായ്പ | 1584.21 |<br>| **പൊതുകടം (തനി)** | **13513.84** |<br><br>ആഭ്യന്തര കട ഇനത്തിൽ എടുക്കുന്ന വായ്പകൾ ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. വിദേശ സഹായ വായ്പകൾ മുഴുവനായും വിദേശ സഹായ പദ്ധതികൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത്.</td></tr>
<tr><td>(ഡി)</td><td>സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിന്റെയും അവയുടെ പലിശ നിരക്കിന്റെയും ക്രമീകരണം സംബന്ധിച്ചും മുൻവായ്പകളുടെയും മുൻവായ്പാ പലിശയുടെയും സർവ്വീസിംഗും തിരിച്ചടവും സംബന്ധിച്ച് ക്രമീകരണങ്ങൾ ഏത് വിധത്തിലാണ് നിർവ്വഹിക്കുന്നതെന്ന് വിശദമാക്കുമോ;</td><td>സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭൂരിഭാഗവും പൊതുവിപണിയിൽ നിന്നുള്ള വായ്പകളാണ്. വരവും ചെലവും കൃത്യമായി നിരീക്ഷിച്ച് ഈ ഇനത്തിലുള്ള പ്രതീക്ഷിത വിടവ് നികത്തുന്നതിന് അത്യന്താപേക്ഷിതമായ തുകയാണ് പൊതുവിപണിയിൽ നിന്നും വായ്പയായി സമാഹരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ വായ്പകളുടെ മുതൽ തിരിച്ചടവുകളുടെ സമയക്രമം, bunching ഒഴിവാക്കുന്ന രീതിയിൽ ക്രമീകരിക്കുവാൻ ശ്രദ്ധിക്കാറുണ്ട്. മുൻവായ്പകളുടെ പലിശ അടക്കമുള്ള തിരിച്ചടവ് പ്രത്യേകം ശ്രദ്ധിച്ച് ആയതിനാവശ്യമായ തുക ഉറപ്പുവരുത്തി കൃത്യമായി നടത്തിപോരുന്നുണ്ട്.</td></tr>
<tr><td>(ഇ)</td><td>സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ വളർച്ചാനിരക്ക് കുറയ്ക്കുന്നതിനും പൊതുകടം ആരോഗ്യകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?</td><td>ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നു കൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്.</td></tr>
</table>

2012-13 മുതൽ 2018-19 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | പൊതുകടം | പൊതുകടത്തിലുണ്ടായ വർദ്ധനവ് | പൊതുകടത്തിലുണ്ടായ വർദ്ധനവ് (%) |
|---|---|---|---|
| 2012-13 | 72250.19 | 10457.10 | 16.92 |
| 2013-14 | 83466.56 | 11216.37 | 15.52 |
| 2014-15 | 96132.96 | 12666.40 | 15.18 |
| 2015-16 | 109730.97 | 13598.01 | 14.15 |
| 2016-17 | 125882.86 | 16151.89 | 14.72 |
| 2017-18 | 142984.53 | 17101.67 | 13.59 |
| 2018-19 | 158234.44 | 15249.92 | 10.67 |

2016-17 മുതൽ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് കുറഞ്ഞു വരുന്നതായിട്ടാണ് മേൽ കണക്കുകളിൽ നിന്നും വ്യക്തമാവുന്നത്.

നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**